# ജിന്ന്

## പഠനാർഹമായ ഒരു മറുപടി

ഡോ: എം. ഉസ്മാൻ സാഹിബ് (റഹി)

സൽസബീൽ, 1994 ജനുവരി

മനുഷ്യജിവിതത്തിൽ പിശാച് വ്യവഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. എം. ഉസ്മാൻ സാഹിബ് രചിച്ച ഒരു പ്രബന്ധവും (മുഖ്യശത്രു എന്ന പേരിൽ യുവത വിറ്റഴിച്ചുകൊണ്ടിരിക്കുന്ന പുസ്തകമാണത്) അതിനെ ഖണ്ഡിച്ചുകൊണ്ടുള്ള ഒരു പ്രതികരണവും സൽസബീൽ വ്യത്യസ്ഥലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ഇന്ന് വ്യതിയാന കക്ഷികളായി പിരിഞ്ഞുപോയ മടവൂർ വിഭാഗത്തിലെ സുഹൃത്തുകൾ ജിന്ന വിഷയത്തിൽ പറയുന്ന അതേ ന്യായങ്ങൾ തന്നെയായിരുന്നു ആ ഖണ്ഡനത്തിൻെറയും ഉള്ളടക്കം. അതിന് കെ.എൻ.എമ്മിൻെറ മുൻ പ്രസിഡണ്ടുകൂടിയായ ലേഖകൻ 'പഠനാർഹമായ മറുപടി' എന്ന തലവാചകത്തിൽ നല്കിയ മറുപടി നിത്യ പ്രസക്തമാണ്. മുജാഹിദ് പ്രസ്ഥാനത്തിലെ പൂർവ്വികരായ നേതാക്കൻമാർ ഇവ്വിഷയകമായി മനസിലാക്കിയിട്ടുള്ള കാര്യങ്ങൾ ഗ്രഹിക്കുവാനും വിജ്ഞാനദാഹികൾക്ക് ഉപകാരപ്രദമാകാനും വേണ്ടി അത് പുനഃപ്രസിദ്ധീകരിക്കുന്നു...

ചോദ്യകർത്താവിൻെറ സത്യാന്വേഷണതൃഷ്ണയെ ആദരിക്കുന്നു. അദ്ദേഹം വലിയ ആശയക്കുഴപ്പത്തിലായിരിക്കുന്നു. അതിനു ഏറെ ഇടം നല്കുന്ന ഒരു വിഷയമാണിത്. എന്നാൽ ഖുർആനും ഹദീസും നൽകുന്ന പാഠങ്ങൾ ശരിക്ക് ശ്രദ്ധിക്കുന്നവർക്ക് ഈ 'വസ്‌വാസ്' ഒഴിവാക്കാൻ പ്രയാസമുണ്ടാകുകയില്ല എന്നാണ് എൻെറ വിശ്വാസം.

ഇവ്വിഷയകമായി ഗവേഷണപരമായ പഠനങ്ങൾ മലയാളത്തിൽ വേണ്ടത്ര നടന്നിട്ടില്ല. ആശയക്കുഴപ്പമുണ്ടാകാൻ ഇതും ഒരു കാരണമാകാം. ദുരൂഹതകൾ ഏറെയുള്ള സകീർണ്ണമായ ഈ വിഷയത്തിൽ തലവെച്ചാൽ പെട്ടന്ന് രക്ഷപ്പെടാൻ കഴിയില്ലെന്നുള്ള തോന്നലായിരിക്കാം പലരേയും ഇതിൽനിന്നും പിന്തിരിപ്പിച്ചതെന്നു

തോന്നുന്നു. എന്റെ അവസ്ഥയും മറിച്ചല്ലെന്ന് ഇപ്പോൾ ബോധ്യമായി. വായനക്കാരുടെ മുഴുവൻ സംശയങ്ങളും ദൂരീകരിക്കാൻ കഴിയുമെന്നുള്ള ധാർഷ്ട്യമൊന്നും ലേഖനം തയ്യാറാക്കുമ്പോൾ ഉണ്ടായിരുന്നില്ല. പഠനങ്ങൾക്കും ചർച്ചകൾക്കും വഴിയൊരുക്കുകയും വിജ്ഞാനരംഗം വികസിപ്പിക്കുകയും ചെയ്യാൻ ഇടമേകുന്ന ഗവേഷണപരമായ നിഗമനങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കുകമാത്രമാണ് ഞാൻ ഉദ്ദേശിച്ചിരുന്നുള്ളൂ. ഇരുപത് വർഷങ്ങൾ പിന്നിട്ടപ്പോൾ വായനക്കാരുടെ നിലവാരം ഉയർന്നിരിക്കുന്നു.

വസ്തുതകളും തെളിവുകളും നിരത്തി വിഷയം അവതരിപ്പിക്കുകയാണ് ഞാൻ ചെയ്തത്. അന്തിമതീരുമാനം എന്ന നിലയിലുമല്ല. പക്ഷെ ഞാൻ അന്നു നടത്തിയ വിചിന്തനങ്ങൾ കഴമ്പില്ലാത്തതായിപോയി എന്നു തോന്നത്തക്ക നിരൂപണങ്ങളോ ചർച്ചകളോ ഇതുവരെ ഉയർന്നു കണ്ടില്ലെന്നുള്ള ആശ്വാസമാണ് ഇപ്പോഴുമുള്ളത്. ഭാവിയിൽ കൂടുതൽ വെളിച്ചമേകും വിധം എന്റെ അഭിപ്രായങ്ങൾ ഖണ്ഡിക്കപ്പെട്ടുക്കൂടായ്കയില്ല. അറിവിന്റെ മേഖല വികസിതമാണല്ലോ.

ഖുർആനും സുന്നത്തും നൽകുന്ന അറിവുകളാണ് ഒരു മുസ്ലിമിന്റെ വൃത്തം. സർവ്വജ്ഞനായ സ്രഷ്ടാവിന്റെ വചനങ്ങൾ, ദൈവദൂതൻ അതിനു നൽകുന്ന വിശദീകരണം ഇത് രണ്ടുമാണ് അറിവിന്റെ മൂലക്കല്ല്. ചുറ്റുമുള്ള കാര്യങ്ങളിൽ അഭിപ്രായ-നിഗമനങ്ങൾ നടത്തുമ്പോൾ മേൽപറഞ്ഞതിന് വിരുദ്ധമാകാതെ സൂക്ഷിക്കേണ്ടതുമുണ്ട്. ഇവിടെയാണ് ഒരു മുസ്ലിമിന് മുൻവിധി വേണ്ടത്.

“മന്ത്രവാദികൾ, സിദ്ധൻമാർ, ജ്യോത്സ്യൻമാർ, ബാബാമാർ, തങ്ങൻമാർ, ബീവികൾ ഇത്യാദി പേരുകളിൽ അറിയപ്പെടുന്നവരെല്ലാം ജനങ്ങളെ വിവിധ തട്ടിപ്പുകളിലൂടെ വഞ്ചിക്കുകയാണ് ചെയ്യുന്നതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്” എന്നുള്ള ചോദ്യകർത്താവിന്റെ ‘തീരുമാനം’ കുറച്ച് കടന്ന കയ്യായിപ്പോയി. ധാരാളം തട്ടിപ്പുകൾ ഈ ലേബലുകളിൽ നടന്നു വരുന്നത് അനുഭവമാണെങ്കിലും എല്ലാം തട്ടിപ്പുകളാണെന്ന് പറയാൻ കഴിയില്ല.

മനസിനെ മഥിക്കുന്ന ആശ്ചര്യകരമായ അനുഭവങ്ങൾ ഉണ്ടായവരോട്, അതൊക്കെ വെറും തട്ടിപ്പാണ് അങ്ങനെയൊന്നുമില്ല എന്ന് പറഞ്ഞാൽ അനുഭവിച്ചവർ അത് സമ്മതിക്കുമോ? മാത്രമല്ല അവർ അത്തരം അനുഭവങ്ങളെ ദൈവചിഹ്നങ്ങളായി ഉറപ്പിക്കുകയും അത്തരം മന്ത്ര-സിദ്ധ-ബീവികൾക്ക് പൂർണ്ണ വിധേയരാകുകയും ചെയ്യും. അവിശ്വസനീയമായ ചില അനുഭവങ്ങളാണ് പല യുക്തിവാദികളേയും ദൈവ വിശ്വാസികളാക്കിത്തീർക്കുന്നത്. പക്ഷെ ആ മാറ്റം കുഴിയിൽ നിന്നും കൊക്കയിലേക്കാണെന്ന് അത്തരക്കാരെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിയണം. അതൊക്കെ തട്ടിപ്പും തന്ത്രവുമാണെന്ന് പറഞ്ഞു കൈകഴുകുന്നതല്ല ശരി.

ഒരു അനുഭവം ശ്രദ്ധിക്കാം. മുമ്പ് ഇന്ത്യയുടെ അമ്പാസിഡറായി ചൈനയിലും മറ്റും സേവനമനുഷ്ഠിച്ച ശ്രീ. രാഘവൻ 'മാതൃഭൂമി'യിൽ എഴുതിയ ഒരു ലേഖനം. തൻെറ അമ്മയുടെ മരണം രാഘവനെ അതീവ ദുഃഖിതനാക്കി. യാതൊന്നിനും ഒരുങ്ങാൻ കഴിയാത്ത ഒരു തളർച്ച. ജീവിതത്തോടുതന്നെ ഒരു വിരക്തി. ഈ മാനസിക വ്യഥയുമായി അദ്ദേഹം കാറിൽ ഒരു യാത്ര പോകുകയായിരുന്നു. ഒരിടത്തെത്തിയപ്പോൾ ഒരു ആൾക്കൂട്ടം കാര്യം തെരക്കി. തിരുവില്ലാമലയാണ് സ്ഥലം. അവിടെ രമണമഹർഷി എന്ന 'ദിവ്യൻ' ഉണ്ട്. ജനം അദ്ദേഹത്തിൻെറ ദർശനത്തിനായി കൂടുകയാണ്. കൂടെയുണ്ടായിരുന്നവരുടെ നിർബ്ബന്ധത്താൽ ശ്രീ. രാഘവനും അവിടെയിറങ്ങി. സദസിൻെറ പിറകിൽ അവർ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ മഹർഷി അവരെ മുൻപിലേക്ക് വിളിച്ചുവരുത്തി. 'രാഘവൻ വലിയ ദുഃഖിതനാണ് അല്ലേ, അമ്മയുടെ മരണം മൂലം? ദുഃഖം പേറിയ മനസുമായി ജീവിതം നിർവീര്യമാക്കരുത്. മരണം അനിഷേധ്യ സത്യമാണ്. ഇന്ന് അല്ലെങ്കിൽ നാളെ എല്ലാവരും ആ സത്യം പുണർന്നേപറ്റൂ. ജീവിതം ഉരുളുന്ന ചക്രമാണ്' ഇങ്ങനെ ഉപദേശിച്ചു. ശ്രീ. രാഘവൻ ആശ്ചര്യഭരിതനായി! ഇദ്ദേഹം എന്നേയും എൻെറ പ്രശ്നത്തേയും എങ്ങനെ മനസിലാക്കി. താനോ തന്നോടൊപ്പം ഉണ്ടായിരുന്നവരോ മുൻകൂട്ടി ഒന്നും അറിയിച്ചിട്ടുമില്ല വെറും കാഴ്ചക്കാരായിമാത്രം സദസിൽ വന്നിരുന്നതാണ്. അത്ഭുതം തന്നെ! അദ്ദേഹം ആത്മഗതം ചെയ്തു. തുടർന്നു ചിന്തപെട്ടന്ന് വഴിതിരിഞ്ഞു. തീർച്ചയായും ഇദ്ദേഹം ദിവ്യശക്തി നേടിയവൻ തന്നെ, ഇത് മൂലം മറഞ്ഞ കാര്യങ്ങൾ അറിയുവാൻ അദ്ദേഹത്തിനു കഴിയുന്നു. കമ്യൂണിസ്റ്റു ചിന്താഗതിക്കാരനായിരുന്ന രാഘവൻ ഇതോടെ ഒരു ഉറച്ച 'ദൈവ വിശ്വാസി'യും രമണമഹർഷിയുടെ ഭക്തനുമായിത്തീർന്നു.

ഇത്പോലെ വ്യത്യസ്ഥ രീതിയിലുള്ള ഒട്ടേറെ അനുഭവങ്ങൾ പലർക്കും ഉണ്ടായിട്ടുണ്ട്. ഉണ്ടാകുന്നുമുണ്ട്. പലരും ഇങ്ങനെ കുഴിയിൽ നിന്നും കൊക്കയിലേക്ക് വീഴുകയും ചെയ്യുന്നു.

പ്രഗത്ഭനും പ്രശസ്തനുമായ ഒരു നിയമജ്ഞൻ മരിച്ചുപോയ തൻെറ പ്രിയപത്നിയുടെ ആത്മാവുമായി പാതിരാവിൻെറ ഏകാന്തതയിൽ സംഭാഷണത്തിൽ ഏർപ്പെടാറുണ്ടെന്ന് അദ്ദേഹം തന്നെ ഒരിക്കൽ പത്രത്തിൽ എഴുതി. അദ്ദേഹം മനഃപ്പൂർവ്വം ഒരു കളവ് കെട്ടിപ്പറഞ്ഞു ജനങ്ങളെ വഞ്ചിക്കുകയാണ് എന്ന് പറയാൻ കഴിയുമോ? ഏതോ ഒരു തരം അനുഭവം അദ്ദേഹത്തിനുണ്ടായിട്ടുണ്ട് എന്നു വേണം കരുതാൻ. അദ്ദേഹമാകട്ടെ ഒരു മാനസിക രോഗിയുമല്ല. സമൂഹത്തിലെ പ്രശ്നങ്ങളിൽ ബുദ്ധിപരമായ വിചിന്തനങ്ങളുമായി എപ്പോഴും സജീവമായി നിൽക്കുകയും ചെയ്യുന്നു.

സ്വാമി വിവേകാനന്ദൻ ഒരു യുക്തിവാദിയും സോഷ്യലിസ്റ്റുമായിരുന്നു. രാമകൃഷ്ണപരമഹംസൻെറ സ്വാധീനമാണ് അദ്ദേഹത്തെ സന്യാസിയാക്കി മാറ്റിയത്. ശ്രീരാമകൃഷ്ണൻ വിവേകാനന്ദൻെറ ശരീരത്തിൽ ഒന്നു സ്നേഹപൂർവ്വം തടവിയപ്പോൾ അദ്ദേഹത്തിൽ ഒരു പുതിയ ഉണർവ്വും ചിന്താധാരയിൽ സമൂലമായ

മാറ്റവും ഉണ്ടായതായി അദ്ദേഹം തന്നെ എഴുതിയിട്ടുണ്ട്. തന്റെ ഗുരുവിന്റെ മരണത്തിനു ഒരു മണിക്കൂർ മുമ്പ് ഗുരുവിന്റെ ശരീരത്തിൽ നിന്നും എന്തോ ഒന്നു വേർപെട്ട് വിവേകാനന്ദനിലേക്ക് പ്രവേശിച്ചതായ അനുഭവം അദ്ദേഹം പറയുന്നു. 'എന്റെ എല്ലാം പോയി' എന്ന് രാമകൃഷ്ണൻ പറഞ്ഞതായും രേഖപ്പെടുത്തിയി രിക്കുന്നു.

തബ്‌ലീഗ് ജമാഅത്തിന്റെ ഉത്ഭവം മറ്റൊരു കഥയാണ്. അതിന്റെ സ്ഥാപകൻ മദീനത്തെ പള്ളിയിൽ ഉറങ്ങുമ്പോൾ നബി(സ) സ്വപ്നത്തിൽ ദർശനം നൽകുകയും ധാർമ്മികാധഃപതനത്തിലമർന്ന സമുദായത്തെ തബ്‌ലീഗ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തുവത്രെ! പ്രത്യേക വേഷഭാവാദികളാൽ ജനശ്രദ്ധയാകർശിക്കുന്ന ശുദ്ധമനസ്കരായ തബ്‌ലീഗുകാരെ എവിടെയും ഇന്നു കാണാം. പക്ഷെ, ധാരാളം ബിദ്അത്തുകളും ഖുറാഫത്തുകളും ചുമലിലേറ്റി നടക്കുന്ന ഇവരുടെ ഗ്രന്ഥങ്ങളിലും ഇത്തരം ഒരുപാട് സ്വപ്നകഥകൾ സ്ഥലം പിടിച്ചിട്ടുണ്ട്. ശുദ്ധമായ ഭക്തിഭാവാദികളിലൂടെ അശുദ്ധി നിറഞ്ഞ ഖുറാഫത്തുകൾ സ്വയം പുണരുകയും മറ്റുള്ളവർക്ക് സമ്മാനിക്കുകയും ചെയ്യുന്നു.

ഇത്തരം കാര്യങ്ങളൊക്കെ വെറും തോന്നലും തട്ടിപ്പുമെല്ലാമാണെന്ന് പറഞ്ഞുതള്ളി ക്കൊണ്ടു ആശ്വസിക്കേണ്ടതാണോ? അഥവാ അവ സംഭവ്യമാണെന്ന് സമ്മതി ക്കുകയും അതിന്റെ ഉറവിടം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തുകൊണ്ടുതന്നെ അതിനെ നിരാകരിക്കുകയും അത്തരം കാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുകയും അള്ളാഹുവിനെ മാത്രം ആരാധിച്ചും അവനോടുമാത്രം പ്രാർത്ഥിച്ചും ജീവിക്കുന്ന സ്ഥിതിയിൽ മനുഷ്യൻ എത്തണം. അവിടെയാണ് തൗഹീദിന്റെ പ്രഭ.

ദജ്ജാലും പലതരം അത്ഭുതങ്ങൾ കാണിക്കുകയും ദൈവമായി വാദിക്കുകയും ചെയ്തുകൊണ്ട് വിഹരിക്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ടല്ലോ. ജനങ്ങൾ ധാരാളമായി അവന്റെ അനുയായികളായിത്തീരുമെന്നും പറയുന്നു. പക്ഷെ അന്നും അവന്റെ വഞ്ചനയിൽ പെടാത്ത യഥാർത്ഥ മുവഹ്ഹിദുകൾ (ഏക ദൈവ വി ശ്വാസികൾ) തുഛമായെങ്കിലും ഉണ്ടാകുമല്ലോ. അപ്പോൾ അതും ഇതും ഒരേ തത്വത്തിൽ തന്നെ.

അദൃശ്യലോകത്ത് ശൈത്വാൻ എന്നൊരു സൃഷ്ടിയില്ല എന്നു വാദിക്കുന്ന തലതിരി ഞ്ഞ പുരോഗമനക്കാരാണ് ഇതൊക്കെ തട്ടിപ്പാണെന്ന് പ്രചരിപ്പിക്കുന്നത്. 'ജി ന്ന്' എന്ന ഖുർആനിന്റെ പ്രയോഗം അപരിഷ്കൃത ജനവിഭാഗത്തെക്കുറി ച്ചാണെന്ന് ഇവർ വിധിയെഴുതി. പിശാചില്ലെങ്കിൽ പിന്നെ പൈശാചികത്വവുമി ല്ലല്ലോ?

ഏകദൈവ വിശ്വാസത്തിൽ നിന്നും തെറ്റിച്ച് ബഹുദൈവ സങ്കൽപങ്ങൾ മനസിൽ രൂഢ മൂലമാക്കുകയാണ് ശൈത്വാൻ ലക്ഷ്യമാക്കുന്നത്. ലക്ഷ്യപ്രാപ്തിക്കായുള്ള അവന്റെ നീക്കത്തെ 'വസ്‌വാസ്' എന്ന പ്രയോഗത്തിൽ പരിമിതപ്പെടുത്തി

സായൂജ്യമടയേണ്ടതല്ല. ജിന്നു വർഗത്തെ അപരിഷ്കൃത ജനതയാക്കി മാറ്റിയ പരോഗമനക്കാർ പിശാചിൻെറ ശികിടികളായിത്തീരുന്നത് സ്വാഭാവികമത്രെ. സ്വയം പിഴച്ച അവർ മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്തു. 'വസ്വാസ്' എന്ന ഖുർആൻെറ പ്രയോഗത്തെ അവർ വല്ലാതെ ലോപിപ്പിച്ചു. എന്നാൽ ഈ കൂട്ടർ തന്നെ പിശാചിൻെറ വസ്വാസിന് (ദുർമന്ത്രണത്തിൽ) അടി മയാകുകയാണുണ്ടായതെന്ന് ബോധ്യമാകുമ്പോൾ ഈ പ്രയോഗത്തിൻെറ അർത്ഥ വ്യാപ്തിയും വ്യക്തമാകും.

ദുർമന്ത്രണം, ആശയക്കുഴപ്പം എന്നൊക്കെ വസ്വാസിന് അർത്ഥം പറയാം. വിശാലമായ അർത്ഥവ്യാപ്തി ഉണ്ട് ഇതിന്. വാക്കാർത്ഥത്തിൽ വരുതിക്കുള്ളിൽ ഈ പ്രയോഗത്തെ തളച്ചിടാൻ ശ്രമിക്കുന്നത് അപകർഷതാ ബോധം നിമിത്തമായാലും ആത്മാർത്ഥതകൊണ്ടായാലും അപകടം തന്നെ.

ദുർമന്ത്രണത്തിലൂടെ ഇന്നിന്ന കാര്യങ്ങളേ മനസിൽ തോന്നിപ്പിക്കാവൂ എന്നു വല്ല നിബന്ധനയുമുണ്ടോ? അഥവാ ചില പ്രത്യേക വിഷയങ്ങളിൽ മാത്രം ആശയക്കുഴപ്പമുണ്ടാക്കിയാൽ മതി എന്നുമുണ്ടോ? ഖുർആൻ നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധിച്ചാൽ ഇതിനൊന്നും യാതൊരു പരിധിയും വരുതിയുമില്ലെന്ന് മനസിലാക്കാം.

ഇബ്ലീസ് അല്ലാഹുവിനോട് പറഞ്ഞ വാക്കുകൾ ഖുർആൻ ഇപ്രകാരം ഉദ്ധരിക്കുന്നു.

“എന്നെ നീ വഴിപിഴപ്പിച്ചതിനാൽ അവർക്കു വേണ്ടി നിൻെറ നേർവഴിയിൽ ഞാൻ ഇരിക്കുന്നതാകുന്നു. പിന്നെ അവരുടെ മുന്നിലൂടെയും പിന്നിലൂടെയും അവരുടെ വലതുഭാഗത്തുകൂടെയും ഇടതുഭാഗത്തിലൂടെയും അവരുടെ അടുക്കൽ ഞാൻ ചെല്ലും, അവരിൽ അധിക പേരേയും നന്ദിയുള്ളവരായി നീ കാണുകയില്ല“. (അഅ്റാഫ് 16, 17)

മനുഷ്യരെ സൻമാർഗത്തിൽ നിന്നകറ്റാൻ എല്ലാ നിലക്കും അവൻ ശ്രമിക്കും എന്നാണ് ഈ മുന്നറിയിപ്പ്. വളരെ കരുതിയിരിക്കുകതന്നെ വേണം.

നബി(സ)യുടെ എഴുത്തുകാരായിരുന്നവരിൽ ചിലർക്ക് പെട്ടന്നൊരു തോന്നൽ! തങ്ങൾക്കും 'വഹ്യ്' വരുന്നുണ്ടെന്ന്. അങ്ങനെ അവർ മതഭ്രഷ്ടരായി. മുസൈലിമത്തിനും എലിജാ മുഹമ്മദിനും മീർസാഗുലാം അഹ്മദിനും ഈ തോന്നലാണുണ്ടായത്. അപ്പോൾ അവർ പ്രവാചകൻമാരാണെന്ന് വാദിച്ചു. സത്യസായിബാബയെപോലെ ചിലർ ദൈവാവതാരമായി കഴിയുന്നു. ഈസാ(അ)നെ ക്രൈസ്തവരും ഉസൈർ(അ)നെ യഹൂദികളും ദൈവപുത്രൻമാരാക്കി! ചിലർക്ക് ഏകാന്തതയിൽ ദൈവവുമായി നേരിട്ടു സമ്പർക്കമുണ്ടെന്നാണ് വാദം. ആയിരം വട്ടം വിളിച്ചാൽ മുഹ്യദ്ധീൻ ശൈഖ്

ഹാജറാകുമെന്ന് വിശ്വസിക്കുന്ന മുശ്‌രിക്കുകൾ! മരിച്ചുപോയ മഹാത്മാക്കൾ ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾ കേട്ട് പരിഹാരം ചെയ്യുമെന്ന് വങ്ങള് പറഞ്ഞു നടക്കുന്ന മുസ്‌ല്യാക്കൾ, മറഞ്ഞ കാര്യങ്ങൾ അറിയുമെന്നു വാദിക്കുന്ന ഗണിതക്കാരും ജ്യോത്സ്യൻമാരും, പാപം പൊറുക്കാനും മോക്ഷം നൽകാനും അധികാരമുണ്ടെന്ന് ഭാവിക്കുന്ന പുരോഹിത വർഗം, 1300 വർഷങ്ങൾക്ക് ശേഷം ഖുർആനിൽ പറഞ്ഞ നമസ്കാരം കണ്ടുപിടിച്ച ഒരേയൊരാൾ താനാണെന്ന് വമ്പു പറയാൻ - ധൈര്യപ്പെട്ട പണ്ഡിതനും അത് തലകുലുക്കി സമ്മതിച്ച ബിരുദാനന്തരബിരുദക്കാരും, ആത്മീയ നേതാവ് ചമയുന്നവർ, സൃഷ്ടികളോടു തേടുവാൻ ഖുർആനിൽ തെളിവുണ്ടാക്കുന്ന പണ്ഡിത കോമരങ്ങൾ, അനിയന്ത്രിതമായ ലൈംഗിക കേളികളിലൂടെ ദൈവസാമീപ്യം നേടാമെന്ന് ഉപദേശിക്കുന്ന യോഗികൾ, ദൈവം തന്നെ മിഥ്യയാണെന്ന് പറയുന്ന യുക്തിവാദികൾ, കൂടാതെ രാഹുകാലവും, നല്ലനേരവും ജാതകപൊരുത്തവും, വെളിച്ചപ്പാട് തുള്ളലും, ജിന്ന് ഹാളറാകലും, മോതിരക്കല്ലിൻെറ ബർക്കത്തും നൂലും മന്ത്രവും ഉറുക്കും ഏലോസും അങ്ങനെയെത്രെയെത്ര രൂപങ്ങൾ! കോലങ്ങൾ!

എല്ലാം പിശാചിൻെറ ദുർമന്ത്രണങ്ങളുടെ ഉല്പന്നങ്ങളാണെന്ന് മനസിലാക്കി നിരാകരിക്കാൻ ഖുർആനും സുന്നത്തും നോക്കി തൗഹീദ് പഠിച്ചവർക്ക് ഒരു പ്രയാസവുമില്ല. നിരാകരിക്കുന്നതിൽ ഒരു വേവലാതിയുമില്ല.

മനുഷ്യനോടൊത്ത് അവൻെറ കൂട്ടാളിയായി ഒരു പിശാച് ഉണ്ടായിരിക്കുമെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ടല്ലോ, അതാണ് 'ഖരീൻ'. മനുഷ്യൻെറ സകലമാനപ്രവർത്തനങ്ങൾക്കും സംഭാഷണങ്ങൾക്കും ഇവൻ സാക്ഷിയാണ്. ഓരോരുത്തരുടേയും മുഴുവൻ വിവരങ്ങളും അവരുടെ ഖരീൻ അറിയുന്നു മനസിലുള്ളതൊഴികെ. ദുഷ്ചിന്തകൾ മനസിൽ കടത്തിവിടുകയും അത് ഉത്തമമായി തോന്നിപ്പിക്കുകയും ചെയ്യും. ചിലർക്ക് ശബ്ദരൂപത്തിൽ നിർദ്ദേശങ്ങൾ നല്കും. ചിലരുടെ മുമ്പിൽ ചില രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടേക്കും. സൃഷ്ടികളെ വിളിച്ച് ജപം നടത്തിയും, മാന്ത്രോച്ചാരണങ്ങളുമായി ഒഴിഞ്ഞിരുന്നു തപസ് ചെയ്യുന്നവരുടേയും മുമ്പിൽ അവർ ഇച്ഛരിക്കുന്ന വേഷത്തിൽ ചിലപ്പോൾ പിശാച് പ്രത്യക്ഷപ്പെടും. അപ്പോൾ അവർ പറയും; ഇന്ന ശൈഖ് അഥവാ ഇന്ന ദേവൻ എനിക്ക് ദർശനം നല്കി എന്നും 'എനിക്ക് ചില കഴിവുകളും നൽകി' എന്നും, അങ്ങനെ ചില അത്ഭുതങ്ങൾ അവർ കാണിച്ചുകൊണ്ടിരിക്കും. തൗഹീദിൽ നിലയുറച്ചിട്ടില്ലാത്ത ദുർബ്ബലൻമാർ അത്തരക്കാരെ ദൈവ സിദ്ധി പ്രാപിച്ചവരായി കരുതി അവരുടെ പിന്നാലെപോകും.

ഈ വിഷയത്തിൽ വളരെ ഗവേഷണ പരമായി ചർച്ച ചെയ്തിട്ടുള്ളത് മഹാനായ ഇബ്നുതൈമിയ്യ ആണ്. വായുവിൽ കൂടെ തൻെറ മിത്രത്തെ അവൻ ഇച്ഛരിക്കുന്നിടത്തേക്ക് ജിന്ന് വഹിച്ചുകൊണ്ടുപോകും എന്നു വരെ അദ്ദേഹം എഴുതിയിട്ടുണ്ട്. പിശാച് അവൻെറ മിത്രങ്ങൾക്ക് ചെയ്തുകൊടുക്കുന്ന ഉപകാരങ്ങളെക്കുറിച്ച് വിവരിക്കുകയാണ് അദ്ദേഹം. സുലൈമാൻ നബി

(അ)യോടു ജിന്നിൽപ്പെട്ട ഇഫ്‌രീത്ത് യമനിലെ സിംഹാസനം ഞൊടിയിടകൊണ്ടു എത്തിച്ചു കൊടുക്കാമെന്നു പറഞ്ഞ കാര്യം ഖുർആൻ അറിയിക്കുന്നുണ്ടല്ലോ. എന്നാൽ സുലൈമാൻ നബി(സ)ക്ക് അല്ലാഹു നേരിട്ട് കീഴ്പ്പെടുത്തി ഉപയോഗിക്കാൻ ഏൽപിച്ചുകൊടുത്തതായിരുന്നു അതൊക്കെയും.

പിചാശിനെ ആരാധിക്കുന്ന പിശാചിൻെറ ഇച്ഛക്കു വിധേയമായി പ്രവർത്തിക്കുന്ന മനുഷ്യർക്ക് അവൻ ചിലപ്പോൾ ചില്ലറ ഉപകാരങ്ങൾ ചെയ്തുകൊടുത്തേക്കാം.

ഖുർആൻ പറയുന്നു. "ഉപകാരത്തേക്കാൾ വേഗം ഉപദ്രവം ചെയ്യുന്നവരായ ഇവർ സത്യമായും എത്ര ചീത്ത സഹായികൾ! എത്ര ചീത്ത കൂട്ടുകാർ! (അൽ-ഹജ്ജ് - 13)

അല്പമെകിലും ഉപകാരമുണ്ട് എന്നാണല്ലോ സൂചന. ഉപകാരവും ഉപദ്രവവും പരോക്ഷവും പ്രത്യക്ഷവുമാകാമെന്ന് ഇവിടെ മനസിലാക്കുന്നതിൽ തെറ്റില്ല.

ഇബ്രാഹീം നബി(സ) തൻെറ പിതാവിനോട് പറഞ്ഞു "പിതാവേ! മഹാകാരുണികനിൽ നിന്നുള്ള ശിക്ഷ നിങ്ങളെ ബാധിക്കുന്നതും അങ്ങനെ നിങ്ങൾ പിശാചിൻെറ മിത്രമായിത്തീരുന്നതും ഞാൻ ഭയപ്പെടുന്നു (മർയം - 45)

മിത്രമാകുക എന്നാൽ അതിൻെറ ഗുണം കുറച്ചെകിലും അനുഭവിക്കാൻ കഴിയുമെന്നാണല്ലോ. മാത്രമല്ല മിത്രങ്ങളായിക്കൊണ്ട് അവർ തമ്മെതമ്മിൽ ഉപയോഗപ്പെടുത്തി എന്നു മനുഷ്യൻ പരലോകത്ത് വെച്ച് സമ്മതിക്കുകയും ചെയ്യും.

അവരെ എല്ലാവരേയും അല്ലാഹു ഒരുമിച്ചുകൂട്ടുന്ന ദിവസം. "ജിന്നു സമൂഹമേ! മനുഷ്യരെ ധാരാളം നിങ്ങൾ സ്വാധീനപ്പെടുത്തിയിട്ടുണ്ട് (എന്നു അല്ലാഹു പറയും) മനുഷ്യരിൽ നിന്നും അവരുടെ മിത്രങ്ങൾ പറയും ഞങ്ങളുടെ നാഥാ! ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തി. നീ ഞങ്ങൾക്ക് വിധിച്ച അവധി ഞങ്ങൾ പ്രാപിക്കുകയും ചെയ്തു. അല്ലാഹു പറയും, നരകം നിങ്ങളുടെ പാർപ്പിടമാകുന്നു, നിങ്ങൾ അതിൽ സ്ഥിരവാസികളുമാകുന്നു. (അൻആം - 128)

അപ്പോൾ മനുഷ്യരിൽ ചിലർ ജിന്നുകളിൽ ചിലരെ ഉപയോഗപ്പെടുത്തി എന്നാണല്ലോ മനസിലാകുന്നത്. ഈ ഉപയോഗപ്പെടുത്തൽ ഏതുനിലക്കുമാകാം. ചിലപ്പോൾ പ്രത്യക്ഷമായിതന്നെ. കാണാതായ മനുഷ്യരേയും വസ്തുക്കളേയും കുറിച്ചും ആകാം. അപൂർവ്വമായ ഘട്ടങ്ങളിൽ പിശാച് അവൻെറ മിത്രത്തെ സഹായിച്ചേക്കാം. ഒരിക്കൽ, കാണാതായ ഒരാളെക്കുറിച്ച്, ഒരു 'തങ്ങൾ' കണ്ണടച്ചിരുന്നു കുറെ മന്ത്രിച്ചശേഷം കോയമ്പത്തൂർ ഹോട്ടൽ മുറിയിൽ ഉണ്ട് എന്നു പറഞ്ഞു. ബന്ധുക്കൾ ഉടനെ പറഞ്ഞു അന്വേഷിച്ചപ്പോൾ ആൾ അവിടെ

ഉണ്ടായിരുന്നു എന്നത് ശരിയാണ്. പക്ഷെ ബന്ധുക്കളെത്തും മുമ്പ് സ്ഥലം വിട്ടിരുന്നു. പിന്നീട് ആറു മാസത്തിനുശേഷം ആൾ തനിയെ മടങ്ങി വരികയാണുണ്ടായത്. വീരപ്പൻ ഉള്ള സ്ഥലവും പിശാച് അവൻെറ മിത്രത്തിന് ഒരുവേള പറഞ്ഞുകൊടുത്തേക്കാം അതുകൊണ്ടു കിട്ടികൊള്ളണമെന്നില്ല. ചിലപ്പോൾ തൻെറ മിത്രത്തെ അവൻ ചതിക്കുകയും ചെയ്യും തൻെറ ഖരീൻ-നെ ഉപയോഗപ്പെടുത്താൻ മനുഷ്യനു കഴിയുമെന്നതിനു ചോദ്യകർത്താവ് തെളിവു ആവശ്യപ്പെട്ടു. അതാണ് മുകളിലെ ആയത്ത്.

“ഒരാളുടെ ഉള്ളിൽ രണ്ടു ഖൽബുകൾ അള്ളാഹു സൃഷ്ടിച്ചിട്ടില്ല” എന്നു ഖുർആൻ ഖണ്ഡിതമായി പറയുമ്പോൾ, രണ്ടും മൂന്നും നാലും മനസുകൾ ഉണ്ടെന്ന വാദം അംഗീകരിക്കാൻ കഴിയുമോ? മനസ് എന്നും ആത്മാവ് എന്നും പറയുന്നത് ഒന്നു തന്നെയാണോ? മസ്തിഷ്കവും തലച്ചോറും ഒന്നാണോ? മനസും ഹൃദയവും ഒന്നു തന്നെയോ? ഇവ തമ്മിൽ പരസ്പരം ബന്ധങ്ങളുണ്ടോ? ആർക്കും നിർവ്വചിക്കാനോ നിർണ്ണയിക്കാനോ കഴിയാത്ത രഹസ്യങ്ങളാണിവ! ആത്മാവിനെക്കുറിച്ച് അധികമായ ചർച്ച പ്രവാചകൻ വിരോധിച്ചിട്ടുണ്ട്.

പിശാച് നാനാതരത്തിൽ മനുഷ്യരെ സൻമാർഗത്തിൽ നിന്നും അകറ്റാൻ ശ്രമിക്കുമെന്ന് പറഞ്ഞിട്ടുള്ളതിനെ, മനസിലുണ്ടാക്കുന്ന ചില തോന്നലുകൾ മാത്രമാക്കി ലോപിപ്പിക്കുന്നത് ഖുർആൻ നല്കുന്ന വിവരങ്ങൾക്കും പ്രത്യക്ഷമായ വസ്തുതകൾക്കും നിരക്കുന്നതല്ല. ഒരു മനുഷ്യൻെറ ഏറ്റവും അടുത്ത പിശാച് അവൻെറ ഖരീൻ തന്നെയാണ്. സബോധ മനസ് അറിയാത്ത നിലയിൽ മനുഷ്യൻ ചെയ്യുന്ന ഒരുപാട് കാര്യങ്ങളുണ്ട്. ‘പ്രേതബാധ’ എന്നു പറയുന്നതു മുതൽ സ്വപ്നാടനം വരെ. ഹിപ്പ്നോട്ടിസം മുതൽ പരകായപ്രവേശം വരെ. “ആത്മാവിനെ ശുദ്ധമാക്കി അഭിവൃദ്ധിപ്പെടുത്തിയവൻ വിജയിച്ചു. അതിനെ മലിനമാക്കി അധഃപതിപ്പിച്ചവൻ പരാജയപ്പെടുകയും ചെയ്തു” എന്നു ഖുർആൻ താക്കീതു നൽകുമ്പോൾ ബോധമനസുമായിട്ടാണു ആത്മാവിനു ബന്ധം എന്ന് വ്യക്തമായി. അഭിവൃദ്ധിപ്പെടുത്താൻ ബോധമനസിൻെറ ജാഗ്രത കൊണ്ടു മാത്രമേ സാധ്യമാകൂ. ബോധമനസിനെ തളർത്തി നിർവീര്യമാക്കി മറ്റേതോ നിർവൃതിയിൽ ലയിക്കുകയോ ലയിക്കപ്പെടുകയോ ചെയ്യുന്നവർ സൻമാർഗത്തിൽ നിന്ന് വഴുതിപ്പോകാൻ എളുപ്പമാണ്. ആത്മനിർവൃതി എന്നൊക്കെയുള്ള പ്രയോഗം തന്നെ അദ്വൈത വാദികളുടെ സൃഷ്ടിയാണ്. ‘ഔലിയ’ ആയാൽ നമസ്കരിക്കേണ്ടതില്ല എന്നു ചിലർ വാദിക്കുന്നത് കേട്ടിട്ടില്ലേ. ബോധമനസുമായി അവർ ബന്ധം വിഛേദിച്ചവരാണ്. അവർക്ക് നമസ്കാരസമയം ശ്രദ്ധിക്കാനാവില്ല.

മയക്കുമരുന്നിനും മദ്യത്തിനുമുണ്ട് ഈ ശക്തി. മിക്ക യോഗികളും സിദ്ധൻമാരും കഞ്ചാവ് ഉപയോഗിക്കുന്നത്, ബോധമനസിനെ തളർത്തി ഒരു തരം ‘ആത്മീയ നിർവൃതി’ നേടാനാണ്. ബോധമനസ് തളർന്നാൽ പകരം ഉപബോധമനസ് തൽസ്ഥാനം ഏറ്റെടുക്കുന്നു. ഈ അവസ്ഥയിൽ കഴിയുന്നവൻ നേർമാർഗത്തിൽ എങ്ങനെ സഞ്ചരിക്കും? ഉപബോധമനസിൻെറ അടിമ ഏതു ഓമനപ്പേരിൽ അറി

യപ്പെട്ടാലും ദുർമാർഗത്തിലേക്ക് സ്വയം ചലിക്കുകയും അവരെ ആദരിക്കുന്നവരും അനുസരിക്കുന്നവരും കുഴിയിൽ നിന്നും കൊക്കയിലേക്ക് വീഴുകയും ചെയ്യും. നിരവധി വസ്തുതകൾ പരിശോധിച്ചും ഖുർആനും ഹദീസും നൽകുന്ന പാഠങ്ങളും ശ്രദ്ധിച്ചുംകൊണ്ടാണ് 'ഉപബോധമനസ്' എന്ന സകല്പം 'ഖരീൻ' എന്ന പിശാചിൻെറ സ്വാധീന വലയമാണെന്ന് ഞാൻ നിഗമിച്ചിരിക്കുന്നത്.

ബോധമനസിനു വിധേയനാകാത്ത മനുഷ്യൻെറ പ്രവൃത്തികൾ മറ്റേതോ ഒരു വ്യക്തിത്വത്തിൻെറ കുടിയേറ്റമായിട്ടാണു അനുഭവപ്പെടുന്നത്. ഈ കുടിയേറ്റം മനുഷ്യൻ വിഹരിക്കുന്ന എല്ലാ മേഖലകളിലും കാണാൻ കഴിയും. കവിതയിലും സാഹിത്യത്തിലും ഇത് അനുഭവപ്പെടുന്നുണ്ട്. മിസ്റ്റിക് കവികൾ തങ്ങളുടെ സൃഷ്ടികളെക്കുറിച്ച് പറയുന്നത്, 'ഇത് ഞങ്ങൾക്കാരോ പറഞ്ഞുതരുന്നതാണ്' എന്നത്രെ. മിസ്റ്റിക് കവിയായ ബൈറൻെറ വാക്കുകൾ ഇത് സാക്ഷീകരിക്കുന്നു. മഹാകവി 'ജി'യുടെ കവിതകളിലും ഈ സ്വാധീനം കാണാം. അവർ മനഃപൂർവ്വം കളവുപറയുകയാണെന്ന് ധരിച്ചുകൂടാ. തങ്ങളുടെ സ്വയം കൃതിയാണ് വാദിക്കുന്നതല്ലേ അവർക്കു കൂടുതൽ മേൻമ.

'ഞാൻ അഭിനയിക്കുകയല്ലായിരുന്നു. ആ കഥാപാത്രമായി ജീവിക്കുകതന്നെയായിരുന്നു' എന്നിപ്രകാരം ചില നടീ നടൻമാർ പറയുന്നത് കേട്ടിട്ടില്ലേ. സത്യമാണു അവർ പറയുന്നത്. ബോധമനസുമായുള്ള ബന്ധം അപ്പോൾ വിട്ടുപോയിരുന്നു. മറ്റൊരു വ്യക്തിത്വം അവരെ നയിക്കുകയാണ്.

പുനർജൻമസിദ്ധാന്തത്തിൻെറ തെളിവ് പ്രദർശിപ്പിക്കുന്നതും 'പ്രേതങ്ങൾ' ആവാഹിച്ചതിൻെറ ലക്ഷണങ്ങൾ കാണിക്കുന്നതുമായ ചില 'ബാധ'കൾ കാണാറുണ്ടല്ലോ. ഉണർന്നിരിക്കുന്ന മനുഷ്യരിലാണു ഈ പ്രവൃത്തി നടക്കുന്നത്. പക്ഷെ അവരുടെ ബോധമനസ് അതറിയുന്നേയില്ല. മറ്റൊരു വ്യക്തിത്വം അവരെ നിയന്ത്രിക്കുന്നു. മനഃശാസ്ത്രജ്ഞരും ചില മതചിന്തകരും അതിനെ 'ഉപബോധമനസ്' എന്നുവിളിക്കുന്നു പുരോഗമനവാദികളാണവരെന്ന് തെളിയിക്കാൻ ഈ പ്രയോഗമാണ് നല്ലത് എന്നു അവർക്കറിയാം. എന്തു പേരിട്ടാലും ബോധമനസിനെ കീഴടക്കി പകരം പ്രവർത്തിക്കുന്ന ഒരു അദൃശ്യ ശക്തിയാണത്. 14 നൂറ്റാണ്ടുകൾക്കുമുമ്പ് അവതരിച്ച ഖുർആൻ നല്കുന്ന പാഠങ്ങൾ ശ്രദ്ധിച്ച്, വിനീതനായ ഞാൻ അഭിപ്രായപ്പെടുന്നു. 'ഖരീൻ' എന്ന വ്യക്തിത്വം അതായിരിക്കാം. ഇവിടെ ഞാൻ പഴഞ്ചനും യഥാസ്ഥിതികനുമായി മുദ്ര കുത്തപ്പെടുന്നു.

ഹിപ്പ്നോട്ടീസവും ടെലിപ്പതിയുമൊക്കെ ഏതാണെന്ന് അതിൻെറ വക്താക്കൾക്ക് പോലും നിർവ്വചിക്കാൻ കഴിയുന്നില്ല. പക്ഷെ അത് കൽപ്പിത കഥകളല്ല. അതിലൊക്കെയും ഏതോ അദൃശ്യമായ ഒരു വ്യക്തിത്വം പ്രവർത്തിക്കുന്നുണ്ടെന്നു മനസിലാകുന്നു. അതിനൊക്കെ 'മനസ്' എന്ന് വിവിധരൂപത്തിൽ പേരു നൽകുകയാണ്. മനസ് എന്താണെന്ന് നിർവ്വചിക്കാൻ കഴിഞ്ഞിട്ടില്ലാത്ത

മനുഷ്യൻ തന്നെയാണ് ഇത്തരം തീരുമാനങ്ങൾ എടുക്കുന്നത് എന്നതാണു വിചിത്രം.

ഇത്തരം വൃത്താന്തങ്ങൾ വെറും തട്ടിപ്പുകളാണെന്ന് കണ്ണടച്ച് തീരുമാനിക്കുന്നത് വസ്തുതകളെ യഥാവിധി വിശകലനം ചെയ്യാനുള്ള ധൈര്യക്കുറവുമൂലമാണ്. എന്നാൽ അനുഭവിച്ചറിയുന്നവരോടു ഈ 'തട്ടിപ്പു'പുരാണം പറഞ്ഞാൽ വില പോകുകയില്ലല്ലോ.

ഇനിയും ചർച്ച ചെയ്യാം. ഗവേഷണം നടത്താം. അഭിപ്രായങ്ങൾ രൂപീകരിക്കാം. ഖുർആനും ഹദീസും നൽകുന്ന പാഠങ്ങളായിരിക്കണം നമ്മുടെ വൃത്തം. ഈ വൃത്തത്തിനുള്ളിൽ ഭദ്രമായി നിൽക്കുന്നവർക്ക് എത്ര വലിയ ദജ്ജാലും ബാബയും യോഗിയും ബീവിയും ജോത്സ്യനും ഒന്നും പ്രശ്നമല്ല. എല്ലാം അതിജീവിച്ചു നല്ല വിശ്വാസിയാകാം. അല്ലാഹുവിൻെറ ഏകത്വം കൂടുതൽ ബോധ്യപ്പെടാം. എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കാം അവനോടു മാത്രം പ്രാർത്ഥിക്കാം. അപ്പോൾ വിജയം പ്രാപിച്ചു. അല്ലാഹു അനുഗ്രഹിക്കട്ടെ.